## പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3531

14.03.2017-ൽ മറുപടിക്ക്

### കണ്ണൂർ പാർട്ടി ഓഫീസുകൾക്ക് നേരെ അക്രമം

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കോടിയേരി-തണ്ടാറത്ത് പീടികക്കാട്ടുള്ള സി.പി.എം. സംസ്ഥാന സെക്രട്ടറിയുടെ യോഗസ്ഥലത്തിനടുത്ത് നടന്ന ബോംബ് സ്ഫോടന കേസിൽ എത്രപേരെ ഇതുവരെ അറസ്റ്റ് ചെയ്തു; ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ട പ്രവർത്തകരാണ് പ്രതികൾ എന്ന് വ്യക്തമാക്കാമോ; | (എ) ഇതു സംബന്ധിച്ച് ന്യൂ മാഹി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 69/17 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. എഫ്.ഐ.ആർ. മൊഴി അനുസരിച്ച് ബി.ജെ.പി. പ്രവർത്തകരാണ് പ്രതികൾ. |
| (ബി) ഇതേതുടർന്ന് കണ്ണൂർ ജില്ലയിൽ പാർട്ടി ഓഫീസുകൾക്ക് നേരെ വ്യാപക അക്രമം ഉണ്ടായോ; ഏതൊക്കെ പാർട്ടി ഓഫീസുകളാണ് ആക്രമിക്കപ്പെട്ടത്; വിശദാംശം നൽകുമോ; | (ബി) പ്രസ്തുത സംഭവത്തെ തുടർന്ന് മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ നട്ടുവനാട്, ഉളിക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ ഉളിക്കൽ ടൗൺ എന്നീ സ്ഥലങ്ങളിലെ 2 ഓഫീസുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 2 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 10 പേരെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്. |
| (സി) സി.പി.എം. സംസ്ഥാന സെക്രട്ടറിയുടെ യോഗസ്ഥലത്തിന് സമീപമുണ്ടായ ബോംബ് സ്ഫോടനം പോലീസിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ വീഴ്ചമൂലമാണെന്ന ആക്ഷേപം ശരിയാണോ: | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) സംസ്ഥാനത്ത് ക്രമസമാധാനം തകർന്ന എന്നത് ശരിവെയ്ക്കുന്നതാണോ കണ്ണൂരിലുണ്ടായ ബോംബ് സ്ഫോടനവും അതിനെത്തുടർന്നുണ്ടായ അക്രമസംഭവങ്ങളും എന്ന് വ്യക്തമാക്കാമോ? | (ഡി) ജില്ലയിൽ ഒറ്റപ്പെട്ട അക്രമ സംഭവങ്ങളിൽപ്പെട്ട കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ കർശന നിയമനടപടി സ്വീകരിച്ചുവരുന്നു. മേൽ സംഭവവുമായി ബന്ധപ്പെട്ട് മറ്റ് അക്രമ സംഭവങ്ങളൊന്നും കണ്ണൂർ ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ